2. ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

3. സെക്ഷൻ ഓഫീസ് തലത്തിൽ എനർജി ഓഡിറ്റിംഗ് നടത്തുക.

4. സി.റ്റി.-കളും സി.റ്റി. കണക്റ്റ് ചെയ്തിട്ടുള്ള മീറ്ററുകളും സ്റ്റീൽ പെട്ടികളിലാക്കി സീൽ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുത വിതരണ പ്രസരണ നഷ്ടം

4 [1680] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുത വിതരണ പ്രസരണ നഷ്ടം ഇപ്പോൾ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബോർഡിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം കണക്കാക്കപ്പെട്ട വിതരണ പ്രസരണ നഷ്ടം എത്രയാണ്;

(സി) പ്രസരണ നഷ്ടം വർദ്ധിക്കാനിടയായ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസരണ നഷ്ടം ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട മൊത്തം പദ്ധതികളിൽ എത്ര ശതമാനം നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഇ) വൈദ്യുത ചോർച്ച തടയുന്നതിന് നിലവിലുള്ള മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷം നവംബർ മാസം വരെ കണക്കുകൾ പൂർത്തീകരിച്ചതിൻ പ്രകാരം പ്രസരണ വിതരണ നഷ്ടം 26.86% മാണ്.

(ബി) ബോർഡിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം പ്രസരണ വിതരണ നഷ്ടം താഴെ പറയുന്ന പ്രകാരമാണ്.

2000-01	—	17.41%
2001-02	—	32.20%
2002-03	—	30%

(2000-01-ലെ കണക്ക് ഹൈപ്പോതെറ്റിക്കൽ ആണ്)

(സി) 2000-01 സാമ്പത്തിക വർഷം വരെ ഉപഭോക്താക്കളുടെ കണക്ടഡ് ലോഡ് അടിസ്ഥാനത്തിൽ വൈദ്യുതി ഉപയോഗം കണക്കാക്കിയാണ് പ്രസരണ വിതരണ നഷ്ടം നിർണ്ണയിച്ചിരുന്നത്. മുൻകാലങ്ങളിൽ സബ് സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ. വി. ഫീഡറുകളിലൂടെ വിതരണം ചെയ്തിരുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി രേഖപ്പെടുത്താനുള്ള സംവിധാനം അപര്യാപ്തമായിരുന്നു. 2001 ഡിസംബറോടുകൂടി കേരളത്തിലെ എല്ലാ 11 കെ.വി. ഫീഡറുകളിലേയും മീറ്ററിംഗ് 100% പൂർത്തീകരിച്ചു. തൽഫലമായി കൊമേർഷ്യൽ നഷ്ടം അടക്കമുള്ള പ്രസരണ നഷ്ടത്തിന്റെ കണക്ക് 2001-2002 മുതൽ കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നു. ഉയർന്ന എൽ. ടി., എച്ച്.ടി. അനുപാതം, കേടായ മീറ്ററുകൾ, വൈദ്യുതി മോഷണം എന്നിവയാണ് പ്രസരണ വിതരണ നഷ്ടം ഉയർന്നതാകുവാൻ മറ്റൊരു കാരണം.

(ഡി) 2002-03-ൽ ഏഴ് 110 കെ. വി. സബ്സ്റ്റേഷനുകളും, ഏഴ് 33 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കി. 608.923 കി.മീ. 11 കെ.വി. ലൈനും 3478.41 കി. മീ. എൽ. റ്റി. ലൈനും നിർമ്മിച്ചു. 835 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 2003-04-ൽ 12/03 വരെ ഒരു 220 കെ. വി., നാല് 110 കെ. വി., രണ്ട് 66 കെ. വി., ഏഴ് 33 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കി. 411.136 കി.മീ. 11 കെ.വി. ലൈനും, 3038.281 കി.മീ. എൽ. റ്റി. ലൈൻ നിർമ്മിക്കുകയും 630 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.

(ഇ) ഉണ്ട്.

കേന്ദ്രപൂളിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി

5 [1681] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപൂളിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് എത്ര യൂണിറ്റ് വൈദ്യുതിയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly